**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **07-10-2021 - ൽ മറുപടിയ്ക്ക്**

**ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് ടു കോമ്പിനേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ നിലമ്പൂർ ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിൽ അൺ എയ്ഡഡ് മേഖലയിൽ ഏതെല്ലാം പ്ലസ് ടു കോമ്പിനേഷനുകളാണ് അനുവദിച്ചിട്ടുള്ളതെന്നും നിലവിൽ എത്ര ബാച്ചുകളാണ് പ്രസ്തുത സ്കൂളിൽ പ്രവർത്തിച്ചുവരുന്നതെന്നും അറിയിക്കാമോ; സീറ്റുകളുടെ എണ്ണമടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളായ നിലമ്പൂർ ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കന്ററി സ്കൂളിൽ 2 സയൻസ് കോമ്പിനേഷനുകളിലായി 3 ബാച്ചുകളാണ് (ബയോളജി സയൻസ്- 2 ബാച്ചുകൾ, കമ്പ്യൂട്ടർ സയൻസ്- 1 ബാച്ച്) അനുവദിച്ചിട്ടുള്ളത്. നിലവിൽ ബയോളജി സയൻസിലെ ഒരു ബാച്ചും കമ്പ്യൂട്ടർ സയൻസിലെ ഒരു ബാച്ചും നിർത്തി വച്ചിരിക്കുക യാണ്. 2014-15 മുതൽ ഓരോ ബാച്ചിനും 50 സീറ്റുകളാണ് അനുവദിച്ച് വരുന്നത്. |
| (ബി) | വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആവശ്യത്തെ മുൻനിർത്തി അനുവദിച്ച കോമ്പിനേഷനുകളിൽ മാറ്റം വരുത്തണമെന്ന സ്കൂൾ മാനേജരുടെ അപേക്ഷയിൻമേൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിലേക്കായി അതാത് വർഷത്തെ വിദ്യാഭ്യാസ ആവശ്യകത പ്രാദേശിക, സംസ്ഥാന തലത്തിൽ വിലയിരുത്താറുണ്ട്. നിലവിലെ സ്ഥിതിയനുസരിച്ച് സർക്കാർ എയ്ഡഡ് മേഖലകളിൽ പുതിയ ബാച്ച് അനുവദിക്കേണ്ടതില്ലെന്ന് 20.09.2021-ലെ സ.ഉ.(സാധാ)നം.4160/21/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. അതേസമയം മലപ്പുറം അടക്കമുള്ള 7 ജില്ലകളിലെ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിനായി 20% മാർജിനൽ സീറ്റ് വർദ്ധനവ് സ.ഉ(എം.എസ്)നം.191/2021/ പൊ.വി.വ തീയതി 02.09.2021 പ്രകാരം നല്കിയിട്ടുണ്ട്. നിലമ്പൂർ ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച കോമ്പിനേഷനുകളിൽ മാറ്റം വരുത്തി ബാച്ചുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) | അൺ എയ്ഡഡ് സ്കൂളായതിനാൽ സർക്കാരിന് പ്രത്യേകിച്ച് ബാധ്യതകൾ ഒന്നുംവരാനില്ലാത്ത സാഹചര്യത്തിൽ മലപ്പുറം റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 05.07.21-ാം തീയതിയിലെ | (സി) | സംസ്ഥാനത്ത് പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിലേക്കായി അതാത് വർഷത്തെ വിദ്യാഭ്യാസ ആവശ്യകത പ്രാദേശിക, സംസ്ഥാന തലത്തിൽ വിലയിരുത്താറുണ്ട്. നിലവിലെ |

| | | | |
|---|---|---|---|
| | ജി/3123/21/ആർ.ഡി.ഡി./എച്ച്.എസ്.ഇ./ എം.എൽ.പി.എം. നമ്പർ ശിപാർശയിന്മേൽ അനുകൂലമായ നടപടി സ്വീകരിക്കുവാൻ സർക്കാർ സന്നദ്ധമാണോ; അറിയിക്കുമോ; | | സ്ഥിതിയനുസരിച്ച് സർക്കാർ എയ്ഡഡ് മേഖലകളിൽ പുതിയ ബാച്ച് അനുവദിക്കേണതില്ലെന്ന് 20.09.2021-ലെ സ.ഉ.(സാധാ)നം.4160/21/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. അതേസമയം മലപ്പുറം അടക്കമുള്ള 7 ജില്ലകളിലെ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിനായി 20% മാർജിനൽ സീറ്റ് വർദ്ധനവ് സ.ഉ(എം.എസ്)നം.191/2021/ പൊ.വി.വ തീയതി 02.09.2021 പ്രകാരം നല്കിയിട്ടുണ്ട്. നിലമ്പൂർ ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച കോമ്പിനേഷനുകളിൽ മാറ്റം വരുത്തി ബാച്ചുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ഡി) | മലയോര പ്രദേശമെന്ന നിലയ്ക്ക് നിലമ്പൂർ മേഖലയിലെ ഉപരിപഠനത്തിന് അർഹമായ കൂടുതൽ വിദ്യാർത്ഥികൾക്ക് +2 കോഴ്സുകളിൽ ചേരുന്നതിനായി നിലമ്പൂർ ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച കോമ്പിനേഷനുകളിൽ മാറ്റം വരുത്തി ബാച്ചുകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്ത് പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിലേക്കായി അതാത് വർഷത്തെ വിദ്യാഭ്യാസ ആവശ്യകത പ്രാദേശിക, സംസ്ഥാന തലത്തിൽ വിലയിരുത്താറുണ്ട്. നിലവിലെ സ്ഥിതിയനുസരിച്ച് സർക്കാർ എയ്ഡഡ് മേഖലകളിൽ പുതിയ ബാച്ച് അനുവദിക്കേണതില്ലെന്ന് 20.09.2021-ലെ സ.ഉ.(സാധാ)നം.4160/21/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. അതേസമയം മലപ്പുറം അടക്കമുള്ള 7 ജില്ലകളിലെ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിനായി 20% മാർജിനൽ സീറ്റ് വർദ്ധനവ് സ.ഉ(എം.എസ്)നം.191/2021/ പൊ.വി.വ തീയതി 02.09.2021 പ്രകാരം നല്കിയിട്ടുണ്ട്. നിലമ്പൂർ ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച കോമ്പിനേഷനുകളിൽ മാറ്റം വരുത്തി ബാച്ചുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ